No. 61/2017

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

'ജ്ഞാനം സമ്പാദിക്കുക, വിവേകം നേടുക, എന്റെ വചനങ്ങളെ വിട്ടുമാറുകയുമരുത്' എന്നാണല്ലോ ജ്ഞാനിയായ ശലോമോൻ പറഞ്ഞിട്ടുള്ളത് (സദൃ. 4:5). യഥാർത്ഥ ജ്ഞാനവും വിവേകവും പകർന്നു കൊടുക്കുവാനും ദൈവവചനം പഠിപ്പിക്കുവാനും സഭ ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണമാണല്ലോ സൺഡേസ്കൂൾ പ്രസ്ഥാനം. ദൈവാനുഗ്രഹത്താൽ നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനം വളരെ ഭംഗിയായി നടക്കുന്നു എന്നതിൽ നാം ദൈവത്തെ സ്തുതിക്കുന്നു.

ഈ വർഷത്തെ സൺഡേസ്കൂൾ ദിനം 2017 മെയ് 28-ാം തീയതിയാണ്. അന്നേദിവസം നമ്മുടെ എല്ലാ പള്ളികളിലും സൺഡേസ്കൂൾ പ്രസ്ഥാനത്തിനുവേണ്ടി പ്രാർത്ഥന നടത്തുകയും അന്നത്തെ കാണിക്ക മുഴുവനായി പ്രസ്ഥാനത്തിനു നൽകുകയും വേണം. അന്നു വി. കുർബ്ബാന ഇല്ലാത്ത പള്ളികളിൽ അതിനടുത്ത് കുർബ്ബാനയുള്ള ഞായറാഴ്ചയിലെ കാണിക്ക നൽകണം. അന്നേദിവസം നടത്തുന്ന കവർപിരിവിൽ എല്ലാ ഭവനങ്ങളും ഉത്സാഹപൂർവ്വം സഹകരിക്കണം. സൺഡേസ്കൂൾദിന കവർ പിരിവ് എല്ലാ ഭവനങ്ങളിൽനിന്നും ലഭിക്കുന്നുണ്ട് എന്നു വികാരിമാർ ഉറപ്പുവരുത്തണം. ഇടവകയിൽ ലഭിക്കുന്ന മുഴുവൻ തുകയും കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും വേണം. ഒ.വി.ബി.എസ്. ഉൾപ്പടെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന വിവിധ പ്രവർത്തനങ്ങൾക്ക് ഇങ്ങനെ സമാഹരിക്കുന്ന തുകയാണ് ഉപയോഗിക്കുന്നത്. കവർപിരിവും കാണിക്കയും യഥാസമയം കേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കുകയും വേണം.

കഴിഞ്ഞ ഒരു പതിറ്റാണ്ടുകാലം സൺഡേസ്കൂൾ പ്രസ്ഥാനം പ്രസിഡണ്ടായിരുന്ന് ശക്തമായ നേതൃത്വം നൽകിയ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ സേവനങ്ങളെ നാം സന്തോഷത്തോടെ അനുസ്മരിക്കുന്നു. പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ പ്രസിഡന്റായി അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയെ നിയമിച്ചിട്ടുണ്ട്. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ മാനിച്ച് ഒ.എസ്.എസ്.എ.ഇ. പ്രവർത്തനങ്ങളിൽ പങ്കാളികളാവണം.

പത്തൊൻപതു വർഷങ്ങൾ ഒ.എസ്.എസ്.എ.ഇ. പബ്ലിക്കേഷൻ ഓഫീസറായി സ്തുത്യർഹമായ സേവനം കാഴ്ചവച്ച കല്ലൂപ്പാറ കൊച്ചുപാറയ്ക്കൽ കെ. വി. തോമസ് കത്തനാരെ നാം തൽസ്ഥാനത്തുനിന്നു

(മറുപുറം)

വിടുർത്തുകയും പകരം നമ്മുടെ പണിക്കരുവീട്ടിൽ ഡോ. ചെറിയാൻ തോമസിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സൺഡേസ്കൂൾ പ്രസ്ഥാനത്തിനുവേണ്ടി ബഹു. കെ.വി. തോമസ് കത്തനാർ നൽകിയ സേവനങ്ങൾക്ക് ദൈവംതമ്പുരാൻ സമൃദ്ധിയായി പ്രതിഫലം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യ യുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതി കളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 ഏപ്രിൽ മാസം 04-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.